# ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
# വികാസ് ഭവൻ (നാലാം നില), തിരുവനന്തപുരം

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരി പഠനം നടത്തുന്നതിന് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള വിജ്ഞാപനം

ഉന്നത പഠന നിലവാരം പുലർത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ്/ പ്യൂവർസയൻസ്/അഗ്രികൾച്ചർ/സോഷ്യൽ സയൻസ്/നിയമം/മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ Under Graduate/Post Graduate/Ph.D കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃകയും യോഗ്യതാ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന വിജ്ഞാപനവും www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## I. അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. ഫോട്ടോ പതിച്ച അപേക്ഷ ഫോറാം website ൽ ലഭ്യമാണ്
2. എസ്.എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ, ബിരുദം/ബിരുദാനന്തര ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. വിദേശത്ത് പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ
   (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് തുടങ്ങിയവ)
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).
5. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

8. വയസ്സ് തെളിയിക്കുന്ന രേഖ (SSLC/ ജനന സെർട്ടിഫിക്കറ്റ്)

9. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്

10. റേഷൻ കാർഡിന്റെ പകർപ്പ്

11. പാസ്പ്പോർട്ടിന്റെ പകർപ്പ്

12. മറ്റു അനുബന്ധരേഖകൾ

## II. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക ഇന്ത്യൻ പൗരനും കേരളീയനുമായിരിക്കണം..
2. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാനത്തിലെ ഏതെങ്കിലും നൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ആളായിരിക്കണം (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈന, പാഴ്സി, ബുദ്ധ).
3. വിദേശ പഠനത്തിനുള്ള അടിസ്ഥാന യോഗ്യത ബിരുദ പഠനം ഇന്ത്യയിലായിരിക്കണം അതിന് 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡ് നേടിയ വരായിരിക്കണം.
4. ബിരുദം/ബിരുദാനന്തര ബിരുദം (യോഗ്യതാ പരീക്ഷ) പൂർത്തീകരിച്ചതിന്റെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ബിരുദത്തിന് കരസ്ഥമാക്കിയ മാർക്കിന്റെ ശതമാനം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകന്റെ/അപേക്ഷകയുടെ പരമാവധി പ്രായം വിജ്ഞാപന തീയതി അടിസ്ഥനമാക്കി 45വയസ്സിൽ താഴെയായിരിക്കണം.
6. ബി.പി.എൽ- കാർക്ക് മുൻഗണന ഉണ്ടായിരിക്കും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷികവരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കുന്നതാണ്.
7. ഒരേ രക്ഷാകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
8. മുൻ വർഷങ്ങളിൽ അപേക്ഷകനോ, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിലുള്ള മറ്റ് സഹോദരങ്ങൾക്കോ ടി സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ അവരോ അവരുടെ സഹോദരങ്ങളോ അപേക്ഷിക്കേണ്ടതില്ല.
9. അപേക്ഷകർ സ്വന്തംഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടേണ്ടതാണ്. നിശ്ചയിക്കപ്പെട്ട വിദേശ യൂണിവേഴ്സിറ്റികളിൽ നിശ്ചയിക്കപ്പെട്ട വിഷയങ്ങളിൽ ഉപരി പഠനത്തിന് അഡ്മിഷൻ ലഭിച്ച ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത.

10. വിദേശ സർവ്വകലാശാലകളുടെ രാജ്യത്തെ സെന്ററുകളിൽ പഠിക്കുന്നവരും ഇന്ത്യയിലെ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും സംയുക്തമായി രാജ്യത്തു നടത്തുന്ന കോഴ്സുകൾ പഠിക്കുന്നവരും ഈ സ്കോളർഷിപ്പിന് അർഹരല്ല.
11. ടൈംസ് ഹയർ എഡ്യൂക്കേഷൻ ( Times Higher Education)ലോക റാങ്കിങ് പ്രകാരമുള്ള ആദ്യ 600 യൂണിവേഴ്സിറ്റികളിൽ(യൂണിവേഴ്സിറ്റികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു)അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
12. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദേശ പഠന/ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് തുക നൽകുക. കോഴ്സ് ഫീ, ഹോസ്റ്റൽ ഫീ എന്നീ ഇനത്തിൽ വിദ്യാർത്ഥി ചെലവഴിക്കുന്ന യഥാർത്ഥ തുക reimbursement ആയിട്ടായിരിക്കും സ്കോളർഷിപ്പ് തുക റീലിസ് ചെയ്യുന്നത്. വിദ്യാർത്ഥി സ്വന്തമായി പഠന ചെലവ് നിർവ്വഹിച്ച ശേഷം കോളേജിൽ നിന്നും ലഭ്യമാകുന്ന ആധികാരിക രേഖകൾ സഹിതം സ്കോളർഷിപ്പ് തുക റിലീസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കണം.
13. സ്കോളർഷിപ്പിന് തെരഞ്ഞെടുത്തതിന് ശേഷം കോഴ്സോ യൂണിവേഴ്സിറ്റിയോ മാറിയാൽ സ്കോളർഷിപ്പിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അങ്ങനെ സംഭവിച്ചാൽ അതിനകം കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതാണ്.
14. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചു കൊണ്ടുള്ള അറിയിപ്പ് ലഭ്യമാകുന്ന തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ പഠനം ആരംഭിച്ചിരിക്കണം. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്ന താണ്. പിന്നീട് അതുമായി ബന്ധപ്പെട്ട് യാതൊരുവിധ അപേക്ഷകളും പരിഗണിക്കുന്നതല്ല.
15. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി കോഴ്സ് പൂർത്തീകരിച്ച് കൊള്ളാമെന്നും അല്ലാത്തപക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ട പ്രകാരം തിരിച്ചടച്ചു കൊള്ളാമെന്നുമുള്ള കരാറിൽഏർപ്പെടേണ്ടതാണ്.
16. കോഴ്സുമായി ബന്ധപ്പെട്ട് പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയിൽ നിന്നോ മറ്റ് സർക്കാർ/അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്കോളർഷിപ്പ്/ ധനസഹായം

ലഭിക്കുന്നവർ വകുപ്പ് നടത്തുന്ന പരിശോധനയിൽ അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അർഹമായതുക മാത്രമേ ഈ വകുപ്പിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.

17. കോഴ്സ് ഫീ, മെയിന്റനൻസ് ഫീ ഇനത്തിൽമറ്റെന്തെങ്കിലും ആനുകൂല്യം അപേക്ഷകന് ലഭ്യമാകുന്നുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.
18. അർഹരായ അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമായ ഫണ്ടിന് ആനുപാതികമായ എണ്ണത്തിലും അധികരിക്കുന്നുവെങ്കിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റേയും പഠന വിഷയത്തിന്റേയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് എണ്ണം വകുപ്പ് പരിമിതപ്പെടുത്തുന്നതാണ്.
19. സ്കോളർഷിപ്പ് അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ (സെലക്ഷൻ കമ്മിറ്റിയുടെ) തീരുമാനം അന്തിമമായിരിക്കും.
20. പൂരിപ്പിച്ച അപേക്ഷ, പ്രായം, വിദ്യാഭ്യാസ യോഗ്യതയും മാർക്കും, മറ്റു യോഗ്യതകൾ എന്നിവ തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സഹിതം(നൂല് ഉപയോഗിച്ച് തുന്നികെട്ടി 32cm X 25 cm വലുപ്പത്തിലുള്ള കവറിൽ) 2022 ഫെബ്രുവരി 14 - നകം ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകളൊന്നും തന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഡയറക്ടർ